(എഫ്) ഇക്കഴിഞ്ഞ 10-ാം ക്ലാസ് പ്രായോഗിക പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഒന്നിൽ കൂടുതൽ തവണ മാർക്കുകൾ രേഖപ്പെടുത്തപ്പെട്ടതെന്നും എത്ര പേരാണ് ഒന്നിൽ കൂടുതൽ തവണ പരീക്ഷ എഴുതിയതെന്നും എത്ര പേർക്ക് അവിശ്വസനീയമായ രീതിയിൽ മാർക്കുകൾ ലഭിച്ചുവെന്നും വെളിപ്പെടുത്താമോ;

(ജി) ലഭിച്ച മാർക്ക് അവരുടെ ഉത്തരങ്ങളുമായി ഒത്തുനോക്കിയിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികളുടേതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ഹൈസ്ക്കൂളുകൾക്കും സ്വതന്ത്ര സോഫ്റ്റ്വെയർ സി. ഡി.-കൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 2721 അദ്ധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ്വെയറിൽ പരിശീലനം നൽകിക്കഴിഞ്ഞു.

(സി) 9 പേർ.

(ഡി, ഇ) ഇല്ല.

(എഫ്) അവിശ്വസനീയമായ രീതിയിൽ ഒരു കുട്ടിക്കുപോലും മാർക്ക് ലഭിച്ചിട്ടില്ല. 4,72,809 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തപ്പോൾ 942 പേർക്ക് മാത്രമാണ് ഹാർഡ്വെയറിൻെറയും സോഫ്റ്റ്വെയറിൻെറയും തകരാറുമൂലം മാർക്കിൽ വ്യത്യാസം വന്നിട്ടുള്ളത്.

(ജി) ഉണ്ട്. സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള പരീക്ഷാരീതിയിൽ ഓരോരുത്തരുടേയും പരീക്ഷയുടെ അവസാനം ഓരോ ചോദ്യത്തിനും ചെയ്ത ഉത്തരവും ലഭിച്ച മാർക്കും സ്ക്രീനിൽ തെളിയുന്നതാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ചോദ്യപേപ്പർ ചോർന്നുവെന്ന ആരോപണം

156 [2425] ശ്രീ. എം. മുരളി:
,, എം. എം. ഹസ്സൻ:
,, കെ. മുഹമ്മദാലി:
,, ടി. എൻ. പ്രതാപൻ:
,, കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2005 മേയിൽ നടക്കേണ്ടിയിരുന്ന ബി. ടെക്. പരീക്ഷയുടെ ചോദ്യപേപ്പർ പുറത്തായതായി പ്രചരണം നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) യഥാർത്ഥത്തിൽ ഇപ്രകാരം സംഭവിച്ചിട്ടുണ്ടോ;

(സി) ചോദ്യപേപ്പർ പുറത്തായെന്ന പ്രചരണം നടത്തിയവരെ കണ്ടെത്തുന്നതിനും അവരെ നിയമത്തിൻെറ മുമ്പിൽ കൊണ്ടുവരുന്നതിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9-5-2005-ലെ എസ്. VIII.ലെ ''ഡിസ്ട്രിബ്യൂട്ടഡ് കമ്പ്യൂട്ടിംഗ്''ന്റെ ചോദ്യപേപ്പർ ചോർന്നോ എന്ന് ആരാഞ്ഞ് വിവിധ മാധ്യമ ഓഫീസുകളിൽനിന്നും സർവ്വകലാശാലയിലേക്ക് അന്വേഷണം വന്നിരുന്നു.

(ബി) ഇല്ല.

(സി) സർവ്വകലാശാലക്ക് ഇക്കാര്യത്തിൽ പരാതിയൊന്നും ലഭിക്കാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

25-7-2005-ൽ മാനന്തവാടി ടൗണിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർക്ക് നേരെ നടന്നതായി പറയപ്പെടുന്ന പോലീസ് മർദ്ദനം

മി. സ്പീക്കർ: 27-5-2005-ൽ മാനന്തവാടി ടൗണിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർക്കുനേരെ പോലീസ് അതീവക്രൂരമായ ലാത്തിച്ചാർജ് നടത്തുകയും മർദ്ദനത്തിൽ സ്ത്രീകളും ജനപ്രതിനിധികളുമടക്കമുള്ളവർ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിലാവുകയും 32 പേരെ പോലീസ് അകാരണമായി കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്തതുമൂലം ഉളവായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതി വിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വി. ജയരാജൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, എ. എ. അസീസ്, വി. സി. കബീർ, സി. കെ. നാണു, പി. പി. ജോർജ്ജ്, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വയനാട് ജില്ലയിൽ മാനന്തവാടി ടൗണിലെ മാലിന്യങ്ങൾ ചൂട്ടക്കടവിൽ പഞ്ചായത്ത് വക സ്ഥലത്ത് നിക്ഷേപിക്കുന്നത് സംബന്ധിച്ച് മാനന്തവാടി പഞ്ചായത്ത് അധികൃതരും ചൂട്ടക്കടവ് നിവാസികളും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ചൂട്ടക്കടവിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനോടും സ്ഥലവാസികൾക്ക് എതിർപ്പുണ്ട്. കൂടാതെ ചൂട്ടക്കടവിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് Pollution Control Board അനുമതി നിഷേധിക്കുകയും മറ്റൊരു സ്ഥലം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇത്തരം തർക്കം നിലനിൽക്കേ 25-7-2005-ന് പഞ്ചായത്ത് അധികൃതരും നാനൂറിലധികം പേരും ചേർന്ന് രണ്ട് വാഹനങ്ങളിൽ മാലിന്യങ്ങൾ നിറച്ച് ചൂട്ടക്കടവിൽ നിക്ഷേപിക്കുന്നതിന് തയ്യാറായി വന്നു. ഈ വിവരമറിഞ്ഞ ചൂട്ടക്കടവ് നിവാസികൾ മാലിന്യവണ്ടി തടയുന്നതിന് സംഘടിച്ചുനിന്നു. ഒരു സംഘട്ടനം ഒഴിവാക്കുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനുമായി ഡി. വൈ. എസ്. പി.-യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം പോസ്റ്റ് ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly